# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1500** **30.01.2018-ൽ മറുപടിയ്ക്ക്**

## <u>പൊഴിയൂർ യു പി എസിൽ ഫർണിച്ചർ</u>

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു പി എസ് -ൽ തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടത്തിൽ കുട്ടികൾക്ക് ആവശ്യമായ സ്കൂൾ ഫർണിച്ചർ നൽകാൻ എം എൽ എ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുക;<br><br>ബി) പൊഴിയൂർ യു പി എസ് -ൽ തീരദേശ കോർപ്പറേഷൻ എത്ര രൂപയുടെ സ്കൂൾ ഫർണിച്ചർ ആണ് വാങ്ങി നൽകാൻ ഉദ്ദേശിക്കുന്നത്;<br><br>സി) 2018 മാർച്ചിനു മുൻപ് സ്കൂൾ ഫർണിച്ചർ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | എ), ബി) & സി) NABARD – RIDF – 19 -ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊഴിയൂർ യു.പി.എസ് കെട്ടിട നിർമ്മാണത്തിന് 142 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ടി പദ്ധതിയ്ക്ക് നബാർഡിൽ സമർപ്പിച്ച പ്രൊപ്പോസലിൽ ഫർണിച്ചറും മറ്റ് ഘടകങ്ങളും ഏർപ്പെടുത്തുന്നതിന് തുക വകയിരുത്തിയിട്ടില്ലായിരുന്നു. പ്രസ്തുത പദ്ധതി 08.06.2017-പൂർത്തീകരിച്ചിട്ടുണ്ട്. ബഹു. എം.എൽ.എ -യുടെയും സ്കൂൾ അധികൃതരുടെയും നിർദ്ദേശ പ്രകാരം പദ്ധതിയിൽ സേവിംഗ്സ് ഉള്ള 19,84,735/- രൂപയിൽ നിന്ന് കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചറുകളും മറ്റുഘടകങ്ങളും വാങ്ങുന്നതിന് പ്രത്യേക ഭരണാനുമതിയ്ക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**